**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നബാർഡ് ആർ.ഐ.ഡി.എഫ്. III - വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് - വാരിക്കോട് - മേപ്രത്തുംപടി ശബരീ പാടം റോഡ് - പ്രവൃത്തിയുടെ മൂല്യവർദ്ധിത നികുതിയും കെട്ടിടനിർമ്മാണ തൊഴിലാളി വിഹിതവും - ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകിയത് - സാധൂകരണം നൽകി - ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ.)നം.409/14/തസ്വഭവ തിരുവനന്തപുരം, തീയതി, 14.02.2014

പരാമർശം: 1. 09.07.2013 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C)5693/09 മേലുള്ള ഉത്തരവ്.
2. 25.10.2013 ലെ ഗ്രാമവികസന കമ്മീഷണറുടെ 20223/ആർ&ഐ.2/09 സി.ആർ.ഡി. നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

നബാർഡ് ആർ.ഐ.ഡി.എഫ്. III ൽ വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ വാരിക്കോട് മേപ്രത്തുംപടി ശബരിപാടം റോഡ് പ്രവൃത്തിയുടെ കൺവീനർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത 5693/09 നമ്പർ കേസിന്റെ പരാമർശം(1)പ്രകാരമുള്ള വിധിന്യായത്തിൽ പ്രവൃത്തിയുടെ മൂല്യവർദ്ധിത നികുതിയും കെട്ടിടനിർമ്മാണ തൊഴിലാളി വിഹിതവുമായി 1,94,681/- രൂപ ബന്ധപ്പെട്ട വകുപ്പിൽ അടക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മാറി ഒടുക്ക് വരുത്തിയിട്ടുണ്ടെന്നും പദ്ധതി വിഹിതത്തിൽ നിന്നും തുക കണ്ടെത്താൻ കഴിയാത്തതിനാൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുക ഒടുക്കിയ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്കുമേൽ സാധൂകരണം നൽകണമെന്നും പരാമർശം(2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും കോടതിവിധിയുടെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് നൽകേണ്ടിയിരുന്ന 1,94,681/-. രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്താൻ കഴിയാത്തതിനാൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകിയ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അനിത ദാമോദരൻ,
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ